കണ്ണൂർ ജില്ലയിലെ കാട്ടാംപള്ളി പദ്ധതി

74 [1792] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കാട്ടാംപള്ളി പദ്ധതിയുടെ ന്യൂനതകൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിലെ പോരായ്മകളെക്കുറിച്ച് പഠിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കൈപ്പാട് കൃഷി നിലത്ത് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുവേണ്ടി 1966-ൽ കാട്ടംപ്പള്ളി പുഴയ്ക്ക് കുറുകെ, ഒരു റഗുലേഷൻ-കം-ബ്രിഡ്ജ് നിർമ്മിക്കുകയുണ്ടായി. അന്ന് സ്ഥാപിച്ചിരുന്ന ഷട്ടറുകളിൽ കേടായ ഷട്ടറുകൾ മാറ്റി സ്ഥാപിച്ചതുകൊണ്ട് ആവശ്യാനുസരണം ഷട്ടറുകൾ പ്രവർത്തിപ്പിച്ച് ഉപ്പുവെള്ളത്തെ നിയന്ത്രിക്കാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. ഷട്ടറുകളിലെ അടിഭാഗത്തുള്ള റബർ സീലുകൾക്ക് തേയ്മാനം സംഭവിച്ചതിനാൽ ഷട്ടറിനടിയിലൂടെ ഉപ്പുവെള്ളം ലീക്ക് ചെയ്യുന്നുണ്ട്. പ്രസ്തുത റബ്ബർ സീലുകൾ മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

രണ്ടാം ഘട്ട പദ്ധതിപ്രകാരം 5600 മീറ്റർ നീളത്തിൽ മാർജിനൽ ബണ്ട് നിർമ്മിക്കുന്നതിനും 20 ഹെഡ് സ്ലൂയിസുകളുടെ നിർമ്മാണത്തിനും ഒരു വി.സി.ബി.യുടെ നിർമ്മാണത്തിനും ഉള്ള ഭരണാനുമതി 22-3-2004-ലെ ജി.ഒ. (ആർ‌റ്റി.) 348/04/ജി.പി.വ. നമ്പർ ഉത്തരവ് പ്രകാരം 1,51,55,000 രൂപയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ജനപ്രതിനിധികൾ, കർഷക സംഘടനകൾ ഭാരവാഹികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം ചേരാനുദ്ദേശിക്കുന്നു.

പീരുമേട് നിയോജകമണ്ഡലത്തിലെ പാവാനിതോടിന്റെ തീരം ബണ്ട് കെട്ടാൻ നടപടി

75 [1793] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) പീരുമേട് നിയോജകമണ്ഡലത്തിലുള്ള വെംബ്ലി ശ്രീ. മഹാമായ ദേവി-ക്ഷേത്രത്തിന്റെ മറുവശം പാവാനിതോടിന്റെ തീരം ബണ്ട് കെട്ടി സംരക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിൻമേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത തീരം ബണ്ട് കെട്ടി സംരക്ഷണത്തിന് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് ഉത്തരവ് ഇറക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) 2004-ലെ പുതുക്കിയ നിരക്ക് പ്രകാമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ജോലി പുരോഗമിച്ചു വരുന്നു.

(സി) ഉത്തരവായിട്ടില്ല.

(ഡി) എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം ഫണ്ടിന്റെ ലഭ്യത അനുസരിച്ചേ ഉത്തരവ് ഇറക്കാൻ കഴിയുകയുള്ളു.

ചേലക്കര നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ

76 [1794] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ഇപ്പോൾ നടപ്പിലാക്കി വരുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശം അറിയിക്കാമോ;

(സി) ഫണ്ടനുവദിക്കുന്നതിനുള്ള തടസ്സം കാരണം ഏതെങ്കിലും പദ്ധതി മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക നിക്ഷേപിച്ചു നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുവാനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly